ഒരു മഴയും തോരാതിരുന്നിട്ടില്ല
ഒരു കാറ്റും അടങ്ങാതിരുന്നിട്ടില്ല
ഒരു രാവും പുലരാതിരുന്നിട്ടില്ല
ഒരു നോവും കുറയാതിരുന്നിട്ടില്ല
തിരമാലയിൽ ഈ ചെറുതോണിയിൽ...2
അമരത്തെന്നരികെ അവനുള്ളതാൽ
ഒരു മഴയും...
മഞ്ഞും മഴയും പൊള്ളുന്ന വെയിലും
എല്ലാം നാഥൻറെ സമ്മാനമാം
എൻ ജീവിതത്തിന്നു നന്നായ് വരാനായ്
എൻ പേർക്കു താതൻ ഒരുക്കുന്നതാൽ
ഒരു മഴയും...
കല്ലും മുള്ളും കൊള്ളുന്ന വഴിയിൽ
എന്നോടുകൂടെ നടക്കുന്നവൻ
എൻ പാദമിടറി ഞാൻ വീണുപോയാൽ
എന്നെ തോളിൽ വഹിച്ചീടുവോൻ
ഒരു മഴയും...
oru mazhayum thoraathirunnittilla
oru kaatum atangngaathirunnittilla
oru raavum pularaathirunnittilla
oru novum kurrayaathirunnittilla
thiramaalayil ee cherruthoniyil...2
amaraththennarike avanullathaal
oru mazhayum...
manjnjum mazhayum pollunna veyilum
ellaam naathhante sammaanamaam
en jeevithaththinnu nannaay varaanaay
enperkku thaathan orukkunnathaal
oru mazhayum...
kallum mullum kollunna vazhiyil
ennotukoote natakkunnavan
en paadamitarri njaan veenupoyaal
enne tholil vahichcheetuvon
oru mazhayum...